LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

125 (814) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സ്വാശ്രയ മെഡിക്കൽകോളേജുകളുമായും ധാരണയാകാമെന്ന വാഗ്ദാനം പാലിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിമൂലം മെഡിക്കൽ പ്രവേശനപരീക്ഷയിൽ ഉയർന്ന റാങ്കുള്ള വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) 2013-14, 2014-15 വർഷങ്ങളിൽ മെഡിക്കൽ കോളേജുകളിലെ ജനറൽ വിഭാഗത്തിൽ സർക്കാർ മെരിറ്റ് സീറ്റിൽ നടന്ന പ്രവേശനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 അദ്ധ്യയന വർഷത്തിൽ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ കൊല്ലം അസീസിയ മെഡിക്കൽ കോളേജ് ഒഴികെയുള്ള 13 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായും സർക്കാർ കരാറിലേർപ്പെടുകയും ലഭ്യമായ സർക്കാർ സീറ്റുകളിൽ അലോട്ട്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ലഭ്യമായ സർക്കാർ സീറ്റുകളിൽ പ്രോസ്പെക്ടസിലെ മാനദണ്ഡമനുസരിച്ച് അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചവരുടെ എണ്ണം

126 (815) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാനത്ത് എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചവരുടെ എണ്ണം എത്രയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.